ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 233-ാം ദിവസം

തം ഗോരജ: ഛുരിതകുന്തള ബദ്ധബർഹ
വന്യപ്രസൂനരുചിരേക്ഷണചാരുഹാസം
വേണും ക്വണന്തമനുഗൈരനുഗീതകീർത്തിം
ഗോപ്യോ ദി ദൃക്ഷിതദൃശോƒഭ്യഗമൻ സമേതാ: (10-15-42)
പീത്വാ മുകുന്ദമുഖസാരഘമക്ഷിഭൃംഗൈ
സ്താപം ജഹുർവ്വിരഹജം പ്രജയോഷിതോƒഹ്നി
തത്സത്കൃതിം സമധിഗമ്യ വിവേശ ഗോഷ്ഠം
സവ്രീഡഹാസവിനയം യദപാംഗമോക്ഷം (10-15-43)

*ശുകമുനി തുടർന്നു:*
ആരണ്ടു ദിവ്യബാലൻമാർ ഇപ്പോൾ വളർന്നു ലുതായി. പശുക്കളെ മേയ്ക്കാൻ പോയിത്തുടങ്ങി. കൃഷ്ണൻ പ്രകൃതിഭംഗികൾ ആസ്വദിച്ചു നടന്നു. പക്ഷികളുടെ സംഗീതം തേനീച്ചകളുടെ മൂളിപ്പാട്ട് വന്യമൃഗങ്ങളുടെ ശബ്ദങ്ങൾ എല്ലാം കൃഷ്ണനു പ്രിയമായിരുന്നു. ബരലാമൻെറ കാലുകളെ തഴുകി പുണരുന്ന പുൽകൊടികളെയും ചെറിയ ചെടികളെയും നോക്കി കൃഷ്ണൻ പറഞ്ഞു: “ഭഗവാനേഷ നോക്കൂ ഈ പുൽക്കൊടികൾ എത്ര അനുഗൃഹീതർ. അങ്ങയുടെ കാലിണകൾ ചുംബിക്കുന്നതു കൊണ്ടുമാത്രം അവയുടെ അജ്ഞതാവസ്ഥ ഇല്ലാതാവുന്നു. ഈ അജ്ഞാനം ഒന്നുകൊണ്ടു മാത്രമാണല്ലോ അവക്ക് ഈ ചെറുചെടികളുടെ ജൻമമെടുക്കേണ്ടതായി വന്നത്? അവരെല്ലാം കഴിഞ്ഞ ജൻമങ്ങളിൽ ദിവ്യൻമാരായിരുന്നിരിക്കണം”. ചിലപ്പോൾ അവർ തളർന്ന് വിശ്രമിക്കും. ബലരാമൻ ഒരു ഗോപാലൻെറ മടിയിൽ തലവച്ചുകിടക്കുമ്പോൾ കൃഷ്ണൻ ജ്യേഷ്ഠൻെറ പാദം ഉഴിയും. കൃഷ്ണൻ വിശ്രമിക്കുമ്പോൾ മറ്റുള്ളവർ കൃഷ്ണനേയും സേവിക്കും. ഇങ്ങിനെ കൃഷ്ണൻ തൻെറ മായാശക്തിയാൽ സ്വന്തം ദിവ്യതയെ മറച്ച് സാധാരണക്കാരനായ ഒരു ഗോപാലനായി കഴിഞ്ഞു വന്നു.

ഒരു ദിവസം ശ്രീദാമൻ എന്ന് പേരുള്ള ഒരു ഗോപാലൻ രാമകൃഷ്ണൻമാരോട് പറഞ്ഞു: അകലെയൊരു വനത്തിൽ നിറയെ മധുരഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങളുണ്ട്. അത് ധേനുകൻ എന്നു പേരുള്ള ഒരു രാക്ഷസൻെറ അധീനതയിലാണ്. അയാൾക്ക് കഴുതയുടെ രൂപമാണ്. എന്നാൽ നരഭോജിയുമാണ്. അതുകൊണ്ട് ആളുകൾക്കവിടെ പോകാൻ ഭയമാണ്. ആർക്കും ആ ഫലങ്ങൾ ആസ്വദിക്കാൻ കഴിയുന്നില്ല. എന്നാൽ ആ പഴങ്ങളുടെ മധുരഗന്ധം നമുക്കിവിടെവരെ ആസ്വദിക്കാൻ കഴിയുന്നു. നിങ്ങൾ വിചാരിച്ചാൽ നമുക്ക് ആ പഴങ്ങൾ കഴിക്കാൻ സാധിക്കും. കൃഷ്ണനും ബലരാമനും പൊട്ടിച്ചിരിച്ചു. എന്നിട്ട് എല്ലാവരും കൂടി ആ കാട്ടിലേക്ക് പോയി. ബലരാമൻ മരം കുലുക്കി പഴങ്ങൾ താഴെ വീഴ്ത്തി. ഗോപാലൻമാർക്ക് കൈനിറയെ മധുരഫലം കിട്ടി സന്തോഷമായി.

ആ സമയത്ത് ധേനുകൻ ബലരാമൻെറ നേർക്ക് ഓടിവന്ന് പിൻകാലുകൊണ്ട് തൊഴിച്ചു. എന്നാൽ ബലരാമൻ അവനെ കാലിൽ തൂക്കി ഉയർത്തി ആകാശത്തിൽ ചുഴറ്റി അടുത്തുള്ള ഒരു മരത്തിൽ ഒറ്റയടി. ബലരാമൻെറ ചുഴറ്റിലിൽ തന്നെ അവൻ മരിച്ചിരുന്നു. ധേനുകൻെറ ശരീരം കടപുഴകി വീണു. പഴങ്ങൾ എല്ലായിടത്തും ചിതറി വീണു. രാക്ഷസൻെറ ക്രുദ്ധരായ ബന്ധുക്കൾ രാമകൃഷ്ണൻമാർക്കെതിരെ ആഞ്ഞടുത്തു. പക്ഷെ ഒരു തമാശപോലെ അവരെയെല്ലാം കൃഷ്ണനും ബലരാമനും തുരത്തിയോടിച്ചു.

രാക്ഷസൻമാരിൽനിന്നും പേടിക്കേണ്ടതില്ലാതെ ഗ്രാമീണർ ആ മധുരഫലങ്ങൾ ആസ്വദിച്ചു. കൃഷ്ണൻ ഗ്രാമത്തിൽ തിരികെ വന്നപ്പോൾ ഗ്രാമീണർ കൃഷ്ണൻെറ മധുരമനോജ്ഞമുഖകമലം കണ്ടാസ്വദിച്ചു. കാലക്കുളമ്പടികൊണ്ട് ഉയർന്നുപൊങ്ങിയ മണ്ണും പൊടിയും കൊണ്ട് കൃഷ്ണൻെറ മുടിയുടെ നിറം മാറിയിരുന്നു. അത് ആ രൂപത്തിൻെറ സൗന്ദര്യത്തിന് മാറ്റുകൂട്ടി. തേനീച്ചകൾ പൂക്കളിൽനിന്നു തേൻനുകരും പോലെ ആ ഗ്രാമീണരുടെ കണ്ണുകൾ കൃഷ്ണൻെറ മുഖകമലത്തിൻെറ അമൃതുണ്ടു. പകൽസമയത്ത് കൃഷ്ണനെ വേർപിരിയേണ്ടിവന്നതിൻെറ ദു:ഖം അങ്ങിനെ അവർ മറന്നു. ഹൃദയം ആഹ്ലാദഭരിത മായിത്തീരുകയും ചെയ്തു.